# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5434.

27-03-2018 ൽ മറുപടിയ്ക്ക്

## കൃഷി ഉന്നതി യോജന

**ചോദ്യം**

ശ്രീ.ബി.ഡി. ദേവസ്സി
,, കാരാട്ട് റസാഖ്
,, റ്റി.വി.രാജേഷ്
,, പി. ഉണ്ണി

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ സംയോജിപ്പിച്ചു കൊണ്ട് കൃഷി ഉന്നതി യോജന ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ സംയോജിപ്പിച്ചു കൊണ്ട് കൃഷി ഉന്നതി യോജന ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് കൃഷി ഉന്നതി യോജനയിൽ ഉൾപ്പെടുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കൃഷി ഉന്നതി യോജന എന്ന സംയോജിത പദ്ധതിയുടെ 60% തുക കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവുമാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ (NFSM), സംസ്ഥാന ഹോർട്ടിക്കൾച്ചർ വികസന പദ്ധതി (MIDH), ദേശീയ കാർഷിക സുസ്ഥിര പദ്ധതി (NMSA), എണ്ണപ്പന, എണ്ണക്കുരു എന്നിവയ്ക്കുള്ള ദേശീയ മിഷൻ (NMOOP), കാർഷിക വിജ്ഞാന വ്യാപനത്തിനും സാങ്കേതിക വിദ്യയ്ക്കുമുള്ള ദേശീയ പദ്ധതി (ATMA), രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY), പരമ്പരാഗത് കൃഷി വികാസ് യോജന (PKVY), പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY), കേന്ദ്ര സഹായത്തോടെയുള്ള വിള ഇൻഷ്വറൻസ് പദ്ധതി, സബ് മിഷൻ ഓൺ അഗ്രോ ഫോറസ്ട്രി (SMAF), സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ (SMAM) എന്നീ പദ്ധതികളാണ് നിലവിൽ കൃഷി ഉന്നതി യോജനയിൽ ഉൾപ്പെടുന്നത്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ; | (സി) | അനുവദിക്കുന്ന ഓരോ പദ്ധതിയ്ക്കും 60% കേന്ദ്ര വഹിതവും 40% സംസ്ഥാന വിഹിതവുമാണ്. |
| (ഡി) | പദ്ധതിയുടെ സുഗമമായ നടത്തിപ്പി നായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഡി) | ഓരോ സാമ്പത്തിക വർഷവും തൊട്ടു മുമ്പുള്ള സാമ്പത്തിക വർഷാവസാനമോ ആ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിലോ ഓരോ പദ്ധതിയ്ക്കുമുള്ള പ്രസ്തുത സാമ്പത്തിക വർഷത്തെ മൊത്തമായ ടെൻഡേറ്റീവ് അലോക്കേഷൻ കേന്ദ്ര സർക്കാർ അറിയിക്കുന്ന മുറയ്ക്ക് വാർഷിക ആക്ഷൻപ്ലാൻ സംസ്ഥാന വിഹിതമുൾപ്പെടെ സർക്കാരിന് സമർപ്പിക്കുകയും ആക്ഷൻപ്ലാൻ അംഗീകരിച്ച് ഒന്നോ രണ്ടോ ഗഡുക്കളായി തുക അനുവദിക്കുന്ന രീതിയാണ് നിലവിലുള്ളത്. 2015-2016 ൽ ചില പദ്ധതികൾക്ക് കേന്ദ്രം അനുവദിച്ച തുക ട്രഷറി നിയന്ത്രണംമൂലം 2016-2017 ൽ ആണ് ലഭ്യമായത്. ഈ സ്ഥിതിവിശേഷം ഒഴിവാക്കുന്നതിന് 28/03/2017-ലെ 1053625/CC1/2016/PLG നമ്പർ സർക്കുലർ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിൻപ്രകാരം പ്ലാനിംഗ് & ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റിന്റെ കോർഡിനേഷൻ സെൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകനം നടത്തുകയും സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം കർശനമായി പാലിച്ചുകൊണ്ട് കേന്ദ്ര അലോക്കേഷൻ പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ള പദ്ധതികൾക്കെല്ലാംതന്നെ സമയബന്ധിതമായി പ്രൊപ്പോസലുകളും ആന്വൽ ആക്ഷൻ പ്ലാനും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ SCP, TSP കമ്പോണന്റുകൾക്ക് നിലവിൽ അക്കൗണ്ട് ഹെഡ് ഇല്ലാത്തതിനാൽ അവ പ്രത്യേകമായി ധന പുനർവിനിയോഗംവഴി കണ്ടെത്തി വിനിയോഗിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ